# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 ഒക്ടോബർ 05** **website: www.uoc.ac.in**

---

### കാലിക്കറ്റ് സർവകലാശാലാ ഹോണററി ബിരുദദാന ചടങ്ങ്; സത്യൻ അന്തിക്കാട്, പി.കെ. അഹമ്മദ് എന്നിവർക്ക് ഡി.ലിറ്റും ഡോ. എലുവത്തിങ്കൽ ഡി. ജെമ്മിസിന് ഡി.എസ്സിയും നൽകും

വിവിധ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പ്രമുഖരെ ആദരിക്കുന്നതിനായി കാലിക്കറ്റ് സർവകലാശാല സംഘടിപ്പിക്കുന്ന ഹോണററി ഡോക്ടറേറ്റ് ബിരുദദാന ചടങ്ങ് ഒക്ടോബർ 06-ന് നടക്കും. ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാടിനും വ്യവസായ പ്രമുഖൻ പി.കെ. അഹമ്മദിനും ഡോക്ടർ ഓഫ് ലെറ്റേഴ്സ് (D.Litt.) ബിരുദവും പ്രമുഖ ശാസ്ത്രജ്ഞനും നാഷണൽ ചെയർ പ്രൊഫസറുമായ പത്മശ്രീ ഡോ. എലുവത്തിങ്കൽ ഡി. ജെമ്മിസിന് ഡോക്ടർ ഓഫ് സയൻസ് (D.Sc.) ബിരുദവുമാണ് സമ്മാനിക്കുന്നത്.

രാവിലെ 10.30-ന് സർവകലാശാലയുടെ ഗോൾഡൻ ജൂബിലി ഓപ്പൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ സർവകലാശാലാ ചാൻസലറും കേരള ഗവർണറുമായ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഹോണററി ഡോക്ടറേറ്റ് ബിരുദങ്ങൾ സമ്മാനിക്കും.

സെനറ്റ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ വെച്ച് അംഗങ്ങളുടെ ആദരവ് ഏറ്റുവാങ്ങിയ ശേഷം അകമ്പടിയാത്രയോടെയാണ് പ്രധാന വേദിയിലേക്ക് വിശിഷ്ട വ്യക്തികൾ എത്തുക.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ സത്യൻ അന്തിക്കാടിനെയും പി.കെ. അഹമ്മദിനെയും ഡോ. എലുവത്തിങ്കൽ ഡേവിസ് ജെമ്മിസിനെയും സദസ്സിനെ പരിചയപ്പെടുത്തി സംസാരിക്കും. തുടർന്ന് ചാൻസലർ ബിരുദ സർട്ടിഫിക്കറ്റുകൾ ഒപ്പുവെച്ച് സമ്മാനിക്കും. ശേഷം ബിരുദം സ്വീകരിച്ചവർ മറുപടി പ്രസംഗം നടത്തും. പ്രോ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ്, രജിസ്ട്രാർ പ്രൊഫ. (ഡോ.) സി.ഡി. സെബാസ്റ്റ്യൻ, പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ.) പി. സുനോജ് കുമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, അക്കാദമിക് കൗൺസിൽ അംഗങ്ങൾ, അധ്യാപകർ, സർവകലാശാല ജീവനക്കാർ, വിദ്യാർഥികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

ശാസ്ത്രം, വ്യവസായം, സിനിമ എന്നീ വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിച്ച മൂന്ന് പ്രമുഖ വ്യക്തിത്വങ്ങളെ ആദരിക്കുന്ന ചടങ്ങിനാണ് കാലിക്കറ്റ് സർവകലാശാല വേദിയാകുന്നതെന്ന് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ പത്രസമ്മേളനത്തിൽ അറിയിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ്, രജിസ്ട്രാർ പ്രൊഫ. (ഡോ.) സി.ഡി. സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു.

എസ്.കെ. പൊറ്റെക്കാട് (ഡി.ലിറ്റ്. 1982), വൈക്കം മുഹമ്മദ് ബഷീർ (ഡി.ലിറ്റ്. 1987), പ്രൊഫ. എം.എം. ഖനി (എൽ.എൽ.ഡി. 1987), കെ.പി. കേശവ മേനോൻ (ഡി.ലിറ്റ്. 1987), എൻ.വി. കൃഷ്ണ വാര്യർ (ഡി.ലിറ്റ്. 1987), എം.ടി. വാസുദേവൻ നായർ (ഡി.ലിറ്റ്. 1996), പി.കെ. വാര്യർ (ഡി.ലിറ്റ്. 1999), എം.എഫ്. ഹുസൈൻ (ഡി.ലിറ്റ്. 2003), വി.ആർ. കൃഷ്ണ അയ്യർ (ഡി.ലിറ്റ്. 2003), ഡോ. അരുൺ നിഗവേക്കർ (ഡി.എസ് സി. 2003), കമല സുരയ്യ (ഡി.ലിറ്റ്. 2006), ഡോ. അമ്രിക് സിങ് (ഡി.ലിറ്റ്. 2006), ക്യാപ്റ്റൻ ഡോ. ലക്ഷ്മി സെയ്ഗാൾ (ഡി.ലിറ്റ്. 2010), പ്രൊഫ. ഇർഫാൻ ഹബീബ് (ഡി.ലിറ്റ്. 2010), മമ്മൂട്ടി (ഡി.ലിറ്റ്. 2010), ഡോ. മൊണ്ടേക് സിങ് അലുവാലിയ (ഡി.ലിറ്റ്. 2013), ഡോ. എം.എസ്. സ്വാമിനാഥൻ (ഡി.ലിറ്റ്. 2013), ജസ്റ്റിസ് ഫാത്തിമ ഭീവി (ഡി.ലിറ്റ്. 2013), എച്ച്.എച്ച്. ഡോ. ശൈഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ - ഖാസിമി (ഡി.ലിറ്റ് 2017), മോഹൻ ലാൽ (ഡി.ലിറ്റ്. 2018), പി.ടി. ഉഷ (ഡി.ലിറ്റ്. 2018) എന്നിവക്കാണ് കാലിക്കറ്റ് സർവകലാശാല ഇതിന് മുൻപ് ഹോണററി ബിരുദങ്ങൾ നൽകിയിട്ടുള്ളത്.

***സിനിമയുടെ ജനകീയ മുഖമായ സത്യൻ അന്തിക്കാട്***

*അമ്പത് വർഷത്തിലേറെയായി മലയാള സിനിമയുടെ ഭാഗമായി തുടരുന്ന സത്യൻ അന്തിക്കാട് സംവിധായകൻ, തിരക്കഥാകൃത്ത്, ഗാനരചയിതാവ്, എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തിത്വമാണ്. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് സ്വദേശിയായ അദ്ദേഹം മലയാളിയുടെ സാമൂഹികവും കുടുംബപരവുമായ ജീവിതാനുഭവങ്ങളെ നർമത്തിന്റെയും മാനവികതയുടെയും പശ്ചാത്തലത്തിൽ വെള്ളിത്തിരയിലെത്തിച്ച നിരവധി സിനിമകളുടെ സ്രഷ്ടാവാണ്.*

*1973 മുതൽ 1981 വരെ വിവിധ സംവിധായകരുടെ സഹസംവിധായകനായി പ്രവർത്തിച്ചാണ് സിനിമാരംഗത്തേക്ക് പ്രവേശിച്ചത്. 1982-ൽ കുറുക്കന്റെ കല്യാണം എന്ന ചിത്രത്തിലൂടെ സ്വതന്ത്ര സംവിധായകനായി. ടി.പി. ബാലഗോപാലൻ എം.എ., ഗാന്ധിനഗർ സെക്കൻഡ് സ്ട്രീറ്റ്, നാടോടിക്കാറ്റ്, വരവേൽപ്പ്, തലയണമന്ത്രം, സന്ദേശം, ഞാൻ പ്രകാശൻ തുടങ്ങിയ ചിത്രങ്ങളിലൂടെ മലയാള സിനിമയിൽ തന്റേതായ ഇടം സൃഷ്ടിച്ചു.*

*സംവിധാനത്തിന് പുറമെ ഗാനരചനയിലും സാഹിത്യരംഗത്തും സജീവമാണ്. 50-ലേറെ ചിത്രങ്ങൾക്കായി 130-ലേറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഈശ്വരൻ മാത്രം സാക്ഷി എന്ന ഉപന്യാസസമാഹാരത്തിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. ദേശീയ ചലച്ചിത്ര പുരസ്കാരം, അഞ്ച് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. സിനിമ, ഗാനരചന, സാഹിത്യം എന്നീ മേഖലകളിലെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അദ്ദേഹത്തെ ഡി.ലിറ്റ്. ബിരുദത്തിനായി നിർദ്ദേശിച്ചത്.*

***വ്യവസായ വളർച്ചയ്ക്കൊപ്പം സാമൂഹിക സേവനവും : പി.കെ. അഹമ്മദ്***

*വ്യവസായരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പ്രമുഖ സംരംഭകനും പി.കെ. ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ചെയർമാനുമാണ് പി.കെ. അഹമ്മദ്. 1942-ൽ കോഴിക്കോട് ജില്ലയിലെ മൂടാടിയിൽ ജനിച്ച അദ്ദേഹം 1960-ൽ കുടുംബ ബിസിനസിൽ പ്രവേശിച്ചു. 1971-ൽ പിതാവിന്റെ നിര്യാണത്തെത്തുടർന്ന് സ്ഥാപനത്തിന്റെ നേതൃത്വം ഏറ്റെടുത്തു.*

*തുടർന്നുള്ള പതിറ്റാണ്ടുകളിൽ സ്റ്റീൽ, കാസ്റ്റിംഗ്സ്, റോളിംഗ് മിൽസ് തുടങ്ങിയ മേഖലകളിൽ നിരവധി സംരംഭങ്ങൾക്ക് നേതൃത്വം നൽകി. ഇന്ന് പി.കെ. ഗ്രൂപ്പിന്റെ പ്രധാന സംരംഭങ്ങളിലൊന്നായ പി.കെ. സ്റ്റീൽ കാസ്റ്റിംഗ്സ് 35-ലധികം രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ*

*കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ്. കാസ്റ്റിംഗ്സ്, അഡിറ്റീവ് മാനുഫാക്ചറിംഗ് തുടങ്ങിയ മേഖലകളിലും ഗ്രൂപ്പ് സാന്നിധ്യമറിയിച്ചിട്ടുണ്ട്.*

*വ്യവസായരംഗത്തിന് പുറമെ ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരികം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിലും പി.കെ. അഹമ്മദ് സജീവമായി ഇടപെടുന്നു. മൈത്ര ഹോസ്പിറ്റലിന്റെ ചെയർമാൻ എമരിറ്റസ് എന്ന നിലയിലും വിവിധ വിദ്യാഭ്യാസ, സാമൂഹിക, കാരുണ്യ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും പ്രവർത്തിക്കുന്നു.*

*കേരള സർക്കാരിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ടി.ഐ.ഇ.-കേരള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മീഡിയ വൺ ബിസിനസ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവ ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. വ്യവസായ സംരംഭകത്വത്തോടൊപ്പം വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക മേഖലകളിലെ സംഭാവനകളും പരിഗണിച്ചാണ് ഡി.ലിറ്റ്. ബിരുദത്തിനായി അദ്ദേഹത്തെ നിർദ്ദേശിച്ചത്.*

***ശാസ്ത്ര ഗവേഷണത്തിൽ ആഗോള സംഭാവനകളുമായി ഡോ. ജെമ്മിസ്***

*അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായ ഇന്ത്യൻ ശാസ്ത്രജ്ഞനും ഇൻ ഓർഗാനിക് കെമിസ്ട്രി, ക്വാണ്ടം കെമിസ്ട്രി മേഖലകളിലെ പ്രമുഖ ഗവേഷകനുമാണ് ഡോ. എലുവത്തിങ്കൽ ഡി. ജെമ്മിസ്. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് 1971-ൽ ഒന്നാം റാങ്കോടെ ബി.എസ്‌സി. ബിരുദം നേടിയ അദ്ദേഹം ഐ.ഐ.ടി. കാൺപൂരിൽ നിന്ന് എം.എസ്‌സിയും അമേരിക്കയിലെ പ്രിൻസ്റ്റൺ സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡിയും നേടി.*

*കോർണൽ സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകനായിരുന്ന അദ്ദേഹം പിന്നീട് ഹൈദരാബാദ് സർവകലാശാലയിലും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലും പ്രൊഫസറായി സേവനമനുഷ്ഠിച്ചു. 2008 മുതൽ 2013 വരെ തിരുവനന്തപുരം ഐ.ഐ.എസ്.ഇ.ആറിന്റെ സ്ഥാപക ഡയറക്ടറായിരുന്നു. നിലവിൽ കേന്ദ്രസർക്കാരിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ കീഴിൽ നാഷണൽ ചെയർ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.*

*ക്വാണ്ടം കെമിസ്ട്രി, മോളിക്യുലാർ സ്ട്രക്ചറുകൾ, ബോറോൺ കെമിസ്ട്രി തുടങ്ങിയ മേഖലകളിലാണ് പ്രധാന ഗവേഷണം. അദ്ദേഹത്തിന്റെ പേരിലുള്ള ജെമ്മിസ് എം.എൻ.ഒ. റൂൾ ഇൻഓർഗാനിക് കെമിസ്ട്രിയിലെ പ്രധാന സൈദ്ധാന്തിക സംഭാവനകളിലൊന്നായി കണക്കാക്കപ്പെടുന്നു. സയൻസ് ജേണൽ ഓഫ് ദി അമേരിക്കൻ കെമിക്കൽ സൊസൈറ്റി തുടങ്ങിയ അന്താരാഷ്ട്ര ശാസ്ത്ര ജേണലുകളിൽ 280-ലേറെ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

*പത്മശ്രീ, ശാന്തിസ്വരൂപ് ഭട്നാഗർ പുരസ്കാരം, പി.സി. റേ മെമ്മോറിയൽ അവാർഡ്, ഐ.എൻ.എസ്.എ. യങ് സയന്റിസ്റ്റ് അവാർഡ്, ജെ.സി. ബോസ് ഫെല്ലോഷിപ്പ് തുടങ്ങിയ നിരവധി ദേശീയ അംഗീകാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ശാസ്ത്ര ഗവേഷണം, ഉന്നത വിദ്യാഭ്യാസം, സ്ഥാപനനിർമ്മാണം എന്നിവയിലെ ദീർഘകാല സംഭാവനകൾ പരിഗണിച്ചാണ് ഡി.എസ്‌സി. ബിരുദത്തിനായി അദ്ദേഹത്തെ നിർദ്ദേശിച്ചത്.*

***മീഡിയ ഇൻവിറ്റേഷൻ***

*കാലിക്കറ്റ് സർവകലാശാലയുടെ ഹോണററി ഡോക്ടറേറ്റ് ബിരുദദാന ചടങ്ങ് 2026 ഒക്ടോബർ 06-ന് രാവിലെ 10.30ന് ഗോൾഡൻ ജൂബിലി ഓഡിറ്റോറിയത്തിൽ നടക്കുന്നു.*

*പത്മശ്രീ ഡോ. എലുവത്തിങ്കൽ ഡി. ജെമ്മിസ്, ശ്രീ. പി.കെ. അഹമ്മദ്, ശ്രീ. സത്യൻ അന്തിക്കാട് എന്നിവർക്ക് ചടങ്ങിൽ ഹോണററി ഡോക്ടറേറ്റ് സമ്മാനിക്കും. കേരള ഗവർണറും*

*സർവകലാശാലാ ചാൻസലറുമായ ബഹു. ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും.*

*ചടങ്ങ് റിപ്പോർട്ട് ചെയ്യുന്നതിനായി താങ്കളുടെ സ്ഥാപനത്തിലെ മാധ്യമ പ്രതിനിധിയുടെ സാന്നിധ്യം ക്ഷണിക്കുന്നു.*

***തീയതി*** : *06.10.2026*
***സമയം*** : *രാവിലെ 10.30*
***സ്ഥലം*** : *ഗോൾഡൻ ജൂബിലി ഓഡിറ്റോറിയം, കാലിക്കറ്റ് സർവകലാശാല.*

***മാധ്യമ പ്രവർത്തകർ രാവിലെ 9.45ന് മുമ്പായി ഓഡിറ്റോറിയത്തിൽ പ്രവേശിക്കേണ്ടതാണ്. ഔദ്യോഗിക പ്രസ് ഐഡി കാർഡ് നിർബന്ധമായും കരുതണം.***

***പി.ആർ. 1405/2026***

**യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ്**
**അപേക്ഷ ക്ഷണിച്ചു**

കാലിക്കറ്റ് സർവകലാശാലയിൽ 2025 - 26 അധ്യയന വർഷം പ്രവേശനം നേടിയ യു.ജി., പി.ജി. വിദ്യാർഥികൾക്കുള്ള യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു. അഫിലിയേറ്റഡ് കോളേജുകൾ / സർവകലാശാലാ പഠനവകുപ്പുകൾ / സർവകലാശാലാ സെന്ററുകൾ / ഓട്ടോണമസ് കോളേജുകൾ എന്നിവയിൽ കാലിക്കറ്റ് സർവകലാശാലാ സെൻട്രലൈസ്ഡ് അഡ്മിഷൻ പോർട്ടൽ വഴി പ്രവേശനം നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ / പഠനവകുപ്പ് മേധാവിയെ ബന്ധപ്പെടുക. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ.

***പി.ആർ. 1406/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷ**

കോഴ്സ് പൂർത്തിയാക്കിയിട്ടും എല്ലാ നോർമൽ സപ്ലിമെന്ററി അവസരങ്ങളും നഷ്ടമായവർക്കുള്ള ബി.ബി.എ. എൽ.എൽ.ബി. ഹോണേഴ്സ് (2011 സ്കീം) ആറും പത്തും സെമസ്റ്റർ (2016 പ്രവേശനം) സെപ്റ്റംബർ 2025, (2017 പ്രവേശനം) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 16-നും നാലും എട്ടും സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 27-നും തുടങ്ങും. കേന്ദ്രം : ടാഗോർ നികേതൻ, കാലിക്കറ്റ് സർവകലാശാലാ ക്യാമ്പസ്. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 1407/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഫലം**

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ( ചാൻസ് അവസാനിച്ച ) ബി.കോം., ബി.ബി.എ., ബി.വി.എസ്. (ബി.കോം. വൊക്കേഷണൽ സ്ട്രീം) (സി.യു.സി.ബി.സി.എസ്.എസ്. - യു.ജി. - 2014, 2015, 2016 പ്രവേശനം) സെപ്റ്റംബർ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 15 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ ബി.എസ് സി., ബി.സി.എ. (സി.യു.സി.ബി.സി.എസ്.എസ്. - യു.ജി. - 2014, 2015, 2016 പ്രവേശനം) സെപ്റ്റംബർ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 15 വരെ അപേക്ഷിക്കാം.

***പി.ആർ. 1408/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പുനർമൂല്യനിർണയഫലം**

വിദൂര വിഭാഗം ഒന്നാം സെമസ്റ്റർ എം.കോം. സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1409/2026***

**പരീക്ഷ**

ബി.കോം. എൽ.എൽ.ബി. ഹോണേഴ്സ് ആറാം സെമസ്റ്റർ (2020 മുതൽ 2023 വരെ പ്രവേശനം), പത്താം സെമസ്റ്റർ (2020, 2021 പ്രവേശനം) മാർച്ച് 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 23-നും നാലാം സെമസ്റ്റർ (2020 മുതൽ 2024 വരെ പ്രവേശനം), എട്ടാം സെമസ്റ്റർ (2020 മുതൽ 2022 വരെ പ്രവേശനം) മാർച്ച് 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 27-നും തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 1410/2026***

**പുനർമൂല്യനിർണയഫലം**

രണ്ടാം സെമസ്റ്റർ എം.എ. - ബിസിനസ് ഇക്കണോമിക്സ്, ഹിസ്റ്ററി, മലയാളം, എം.എസ് സി. - ജിയോഗ്രഫി, ബോട്ടണി (സി.ബി.സി.എസ്.എസ്. - പി.ജി.) ഏപ്രിൽ 2026 പരീക്ഷകളുടെയും നാലാം സെമസ്റ്റർ എം.എ. - ഇംഗ്ലീഷ്, ഹിസ്റ്ററി, ഹിന്ദി, എം.എസ് സി. - കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്. - പി.ജി.) ഏപ്രിൽ 2026 പരീക്ഷകളുടെയും പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1411/2026***